## മുംബൈയ് ശ്രീനാരായണ മന്ദിരസമിതി

# 154-ാമത് ഗുരുജയന്തി ആഘോഷിച്ചു

**എൻ.എസ്. സലിംകുമാർ**

കേരളത്തിനു പുറത്തുള്ള ഏറ്റവും വലിയ ശ്രീനാരായണ പ്രസ്ഥാനമായ ശ്രീനാരായണ മന്ദിരസമിതി സെപ്തംബർ 14-ാം തീയതി രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെ നീണ്ടു നിന്ന വമ്പിച്ച പരിപാടികളോടെ ഗുരു ജയന്തി ആഘോഷിച്ചു. സമിതിയുടെ ചെമ്പൂരിലുള്ള ശ്രീനാരായണ ഗുരു ഹൈസ്കൂൾ കോളേജ് അങ്കണത്തിലും ആഡിറ്റോറിയത്തിലുമായാണ് ആഘോഷ പരിപാടികൾ അരങ്ങേറിയത്. കോരിച്ചൊരിയുന്ന മഴയത്തും പീതാംബര വസ്ത്രധാരികളായി ആയിരങ്ങൾ ഘോഷയാത്രയിൽ പങ്കെടുത്തു. ചെണ്ടമേളം, നാദസ്വരം, താലപ്പൊലി, രഥങ്ങൾ, മതസൗഹാർദ്ദ നിശ്ചല ദൃശ്യങ്ങൾ, ലേസ്യം, പട്ടുകുടകൾ, മഞ്ഞക്കുടകൾ, കാവടിയാട്ടം, കീർത്തനാലാപം, പൂത്താലം, ഗുരുദേവ സന്ദേശം വഹിച്ചുകൊണ്ടുള്ള പ്ലേ കാർഡുകൾ തുടങ്ങിയവ ഘോഷയാത്രയ്ക്ക് കൊഴുപ്പേകി. 9.30ന് ചെഢാ നഗറിൽ നിന്നാരംഭിച്ച ഘോഷയാത്ര ലോഖണ്ടേ മാർഗ്ഗ് വഴി 10.15ന് ചെമ്പൂർ കോംപ്ലക്സിലെത്തി.




*ഘോഷയാത്രയുടെ മുൻവശം*

10.30ന് ആരംഭിച്ച പൊതുസമ്മേളനത്തിൽ ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് സയന്റിഫിക് ഹെറിറ്റേജിന്റെ ഡയറക്ടർ ഡോ. എൻ. ഗോപാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു.

ഒരു മനുഷ്യൻ എത്രകാലം ജീവിച്ചു എന്നതിന് അർത്ഥമില്ലെന്നും എങ്ങനെയാണ് ജീവിക്കുന്നത് എന്നതാണ് പ്രാധാന്യമെന്നും ഡോ. എൻ. ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. മാനവരാശിയുടെ സാർവത്രികമായ നന്മയാണ് ഗുരുദേവൻ ലക്ഷ്യമിട്ടത്. ഒരു യുഗത്തിലും മാറ്റി പറയേണ്ടി വരാത്ത വാക്കുകളാണ് ഗുരുവിന്റേത്. നമ്മൾ തന്നെയാണ് നമ്മുടെ സുഹൃത്തും ശത്രുവും ഇതു മനസ്സിലാക്കുവാനായി ഗുരുദേവകൃതികൾ പഠിക്കുകയും അറിയുകയും ഉൾക്കൊള്ളുകയും ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. സാധാരണക്കാരൻ മുതൽ സിദ്ധന്മാർ വരെയുള്ളവരുടെ നന്മയ്ക്കുതകുന്ന കാര്യങ്ങളാണ് ഗുരു പറഞ്ഞത്. ഗുരുവിന്റെ ആത്മീയത ഐതിഹാസികമാണ്. സാത്വിക ഭാവങ്ങളുടെ നിറകുടമാണത്. സാമൂഹ്യ വിപ്ലവമുണ്ടാകണമെങ്കിൽ മനസ്സ് നന്നാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നമ്മുടെ ജീവിതം ഭാസുരമാക്കുവാൻ ഗുരുദേവൻ നിർദ്ദേശിച്ച പഞ്ചശുദ്ധി വ്രതം സ്വീകരിക്കുവാൻ അദ്ദേഹം ഗുരുഭക്തരോട് ആഹ്വാനം ചെയ്തു.




*154-ാമതു ഗുരുദേവജയന്തി ആഘോഷത്തിൽ പങ്കെടുത്ത്*
*ഡോ. എൻ. ഗോപാലകൃഷ്ണൻ സംസാരിക്കുന്നു*

അടുത്ത ഒരു വർഷത്തിനുള്ളിൽ വിവിധ ഭാഷകളിലേക്ക് ഗുരുദേവ കൃതികൾ തർജ്ജമ ചെയ്യുവാൻ താൻ തയ്യാറാണെന്നും അതിനായി സമിതി മുൻകൈയ്യെടുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പിന്നീട് സംസാരിച്ച സമിതിയുടെ പ്രസിഡണ്ട് എമിരിറ്റസ് ഡോ. കെ. കെ. ദാമോദരൻ 1963ൽ സമിതി സ്ഥാപിച്ച സാഹചര്യവും തുടർന്നുള്ള അതിന്റെ വളർച്ചയും വിശദീകരിച്ചു. വിദ്യകൊണ്ടു പ്രബുദ്ധരാകുവാനുള്ള ഗുരുവിന്റെ ആഹ്വാനം മുഖവിലയ്ക്കെടുത്തതു കൊണ്ടാണ് സമിതി വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വിശ്വഗുരുവിന്റെ സന്ദേശങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുവാൻ നമ്മുടെ പരിധിയിൽ നിന്നുകൊണ്ടു ചെയ്യാവുന്നതെല്ലാം ചെയ്തുവരികയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചെയർമാൻ എം.ഐ. ദാമോദരൻ, ജനസെക്രട്ടറി എൻ.എസ്. സലിംകുമാർ എന്നിവരും പ്രസംഗിച്ചു. അസി. സെക്രട്ടറി പി.കെ. വേണു നന്ദി പറഞ്ഞു

12000 മത്സരാർത്ഥികളെ പിന്നിലാക്കിക്കൊണ്ട് കൈരളി ചാനലിന്റെ ജനപ്രിയ ഗായിക എന്ന അംഗീകാരം ലഭിച്ച രണ്ടാം വർഷ എൻജിനീയറിംഗ് വിദ്യാർത്ഥിനിയായ അണുശക്തിനഗർ യൂണിറ്റിലെ ജിൻഷ നാണുവിന് യോഗത്തിൽ സ്വീകരണം നൽകി. സമിതിയുടെ സ്നേഹസൂചകമായ മൊമെന്റോ ഡോ. എൻ. ഗോപാലകൃഷ്ണൻ ജിൻഷയ്ക്കു നൽകി. തുടർന്നു ജിൻഷ ഒരു ഭക്തിഗാനം ആലപിക്കുകയുണ്ടായി.

നവി മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ ട്രാൻസ്പോർട്ട് കമ്മിറ്റി ചെയർമാൻ സ്ഥാനം ലഭിച്ച സമിതിയുടെ സോണൽ സെക്രട്ടറി കൂടിയായ ശശി ദാമോദരനെയും യോഗം അഭിനന്ദിക്കുകയും സ്വീകരണം നൽകുകയും ചെയ്തു. തുടർന്ന് എസ്.എസ്.സി. മുതൽ പി.എച്ച്.ഡി. വരെ വിവിധ മേഖലകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ സമിതി അംഗങ്ങളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ മെറിറ്റ് അവാർഡുകൾ മുഖ്യാതിഥി വിതരണം ചെയ്തു.

രാവിലെ നടന്ന വർണ്ണാഭമായ ഘോഷയാത്രയിൽസമിതിയുടെ 26 യൂണിറ്റുകളും പങ്കെടുത്തു. ഏറ്റവും നല്ല ഘോഷയാത്രയ്ക്കുള്ള ഒന്നാം സമ്മാനം മലാഡ് ഈസ്റ്റ് യൂണിറ്റ് കരസ്ഥമാക്കി. ഐരോളി, താനെ യൂണിറ്റുകൾ രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. പതിനായിരം ഏഴായിരം അയ്യായിരം എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും നൽകി.

രണ്ടു മണി മുതൽ നടന്ന കലാപരിപാടികളെ ക്ലാസിക്കൽ, നോൺ-ക്ലാസിക്കൽ എന്ന് രണ്ടായി തിരിച്ചിരുന്നു. ക്ലാസിക്കൽ വിഭാഗത്തിൽ ഐരോളി-ഖാൻസോളി-റബാല യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം ഡോംബിവ്ലിയും അണുശക്തിനഗറും പങ്കിട്ടു. മൂന്നാം സ്ഥാനം കരസ്ഥമാക്കിയത് മീരാറോഡ്-ഭയിന്തർ-ദഹിസറും ഘാട്കോപ്പറും ചേർന്നാണ്.

നോൺ ക്ലാസ്സിക്കൽ വിഭാഗത്തിൽ സാക്കിനാക്ക, വീരാർ, മലാഡ് ഈസ്റ്റ്, യൂണിറ്റുകൾ ഒന്നും രണ്ടും സ്ഥാനങ്ങൾക്കർഹരായി.

എം. സുരേഷ്കുമാറായിരുന്നു പ്രോഗ്രാം കമ്മിറ്റി ചെയർമാൻ. എൻ.എസ്. രാജൻ പ്രോഗ്രാം കമ്മിറ്റി സെക്രട്ടറിയും പി.എ. ചന്ദ്രശേഖരൻ വോളണ്ടിയർ ക്യാപ്റ്റന്റെ ചുമതല നിർവഹിച്ചു. മായാ സഹജനായിരുന്നു മാസ്റ്റർ ഓഫ് സെറിമണി.

●



# HOMEOPATHY – THE HEALING ART

**Dr. Lekha S.Thayyil.** (B.H.M.S.)
POWAI GURU CENTRE.

Homeopathy is an effective and scientific system of healing which assists the natural tendency of the body to heal itself.

It was founded by a German allopathic physician Dr.Samuel Hahnemann, in 1796.

The word 'Homeopathy' is derived from two Greek words – 'Homois' means 'similar' and 'pathos' meaning 'suffering'. It is based on the 'Similia principle' : like cures like, that is the substance which can produce a disease im material doses can cure the similar disease when given in extremely dilute dosos. Though homeopathy was a brainchild of Germany, India has become the heart of homeopathy.

**What can Homeopathy do for you?**

Homeopathy is a complete system of medicine for all the systems of the body. It can help people of all ages and both sexes including newborn babies.

Homeopathy is of great service in Chronic (diseases lasting for a long time or recurring)as well as Acute (of short duration) cases.

Rapid,Gentle and Permanent cure is the ideal of Homeopathy.

Homeopathy is a holistic healing system. It heals the patient as a whole, including the complaints in individual parts . Its considers individual complaints as different branches, arising from a single stem,as a concurrence of common root causes.

NO SIDE EFFECTS: There are no side effects of homeopathic medicines when prescribed by a qualified homeopathic physician. They are also safe during pregnancy and lactation.

Scope of homeopathy: (Examples of few curable disorders)

Respiratory disease like recurrent colds and cough, tonsillitis, bronchitis, asthma etc.

Fevers of all kinds.

Rheumatic disorders like Arthritis, Spondylitis, Chronic Back pain, Joint pains, etc.

Skin disorders like Eczema, Psoriasis, Allergies, Urticaria, Warts, Corns cosmetic cases like Pimples. Dark circles, Pigmentation etc.

Hair fall and dandruff can be treated very well.

Hormonal disorders like hypo, hyperthyroidism, etc.

Urinary disorders like Urine infections, Kidney stones, etc.

Gall-stones, Jaundice, etc

Gastro – intestinal diseases like diarrhea, dysentery, abdominal pains etc.

Neurological and behavioral disorders can be treated.

Surgical cases if treated in early stages can be avoided like piles, fissures, fistula, warts, kidney stones, gallstones, uterine fibroids, abscess, varicose veins etc.

Life style related disorders like hypertension, diabetes, and obesity can be controlled. It can give good palliation in incurable cases.

A number of diseases are due to less defence power e.g. HIV infection can be controlled.

Cure through homeopathy is affected by boosting the immunity where it is less and by optimizing the immunity where it is exaggerated. Thus Homeopathy aims at the complete health of mankind in the safest way possible.

# 60–ാം വിവാഹവാർഷികം



**26.10.2008ൽ 60–ാം വിവാഹവാർഷികം ആഘോഷിച്ച ശ്രീമാൻ ഗംഗാധരനും ശ്രീമതി കമലാക്ഷി ഗംഗാധരനും ആശംസകൾ നേർന്നുകൊണ്ട് മക്കളും, മരുമക്കളും കൊച്ചുമക്കളും, പേരക്കിടാങ്ങളും, എല്ലാ ബന്ധുമിത്രാദികളും**

| **മക്കൾ** | **മരുമക്കൾ** | **കൊച്ചുമക്കൾ** |
|---|---|---|
| വിജയൻ | വിമലാവിജയൻ | വിജി സന്തോഷ്, വിനയാ പ്രദീപ് |
| രാധാരാജൻ | രാജൻ | രോഷ്ണി ബിജു |
| വസുമതി ഉണ്ണിരാജൻ | ഉണ്ണിരാജൻ | സുമേഷ് ഉണ്ണിരാജ് |
| രവീന്ദ്രൻ | സതീരവീന്ദ്രൻ | നിഖിൽരവീന്ദ്രൻ, അഖിൽ രവീന്ദ്രൻ |
| വത്സലഗോപിദാസ് | ഗോപിദാസ് | അഭിലാഷ് ഗോപിദാസ് |

**പേരക്കിടാങ്ങൾ**

മിത്രാസന്തോഷ്, മൈത്രിസന്തോഷ്, യദുപ്രദീപ്, ദയാ പ്രദീപ്

**കമലാലയം, കലഞ്ഞൂർ പി.ഓ., കലഞ്ഞൂർ, പത്തനംതിട്ട, കേരള**

**ഫോൺ : 0474 – 273152**

# ശ്രീനാരായണ ഗുരുവും വാഗ്മിത്വവും

**സ്വാമി അവ്യയാനന്ദ.**

മിതവും സാരവുമായ വാക്കാണ് പൗരസ്ത്യദൃഷ്ടിയിൽ ശരിയായ വാഗ്മിത്വം. (മിതം ച: സാര :ച വചോഹി വാഗ്മിതാ) എന്നാൽ വർണ്ണനാവൈഭവമുള്ള വാചാലത എന്ന അർത്ഥത്തിലാണ് ഈ പദത്തെ ഇന്നു പലരും ധരിച്ചു വച്ചിരിക്കുന്നത്. പ്രഗത്ഭനായ പ്രസംഗകനെ ഇംഗ്ലീഷിൽ ORATOR എന്ന് വിളിക്കുന്നു മലയാളത്തിൽ ഇതിനു സമാന മായി പ്രസംഗ ചതുരൻ എന്ന വാക്കാണ് ഇണങ്ങുന്നത്. വർണ്ണിച്ചു പറയുന്ന പൊതു പ്രസംഗകനും ഒതുക്കിപ്പറയുന്ന വാഗ്മിയും തമ്മിൽ വളരെ അന്തരമുണ്ട്. വാഗ്മിത്വത്തിന്റെ ഈ ശരിയായ മാനദണ്ഡം വച്ച് അളക്കുമ്പോൾ നമ്മുടെ പലവാഗ്മികളും വാമന ന്മാരായി മാറിപ്പോകും.

എന്നാൽ പ്രസംഗവേദിയിൽ അധികമൊന്നും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ശ്രീനാരായണ ഗുരുദേവന് യഥാർത്ഥ വാഗ്മിയുടെ പരിവേഷം നന്നായി ഇണങ്ങുന്നതായി അവിടുത്തെ രേഖപ്പെടുത്തപ്പെട്ട വാങ്മൊഴികളും വരമൊഴികളും ഒരുപോലെ വിളംബരം ചെയ്യുന്നു. മറ്റെല്ലാത്തിലുമെന്നപോലെ വാക്കുകളുടെ കാര്യത്തിലും ഒരിക്കലും ധൂർത്തനായിരുന്നില്ല ഗുരുദേവൻ. കുറിക്കുകൊള്ളുന്ന കൊച്ചുകൊച്ചുവാകൃങ്ങളിൽ വ്യാഖ്യാതക്കൾക്ക് അനവധി വോള്യങ്ങൾ എഴുതുവാൻ കഴിയുന്ന ആശയങ്ങൾ അടക്കം ചെയ്യുന്നതിൽ അനാദൃശ്യമായ ചാതുര്യം ആ അമാനുഷപ്രഭാവൻ നേടിയിരുന്നു. ഉപനിഷത്തുകളുടെ ഉജ്ജ്വലദീപ്തി അതിസമർത്ഥമായി ഒതുക്കിവച്ചു. വാഗ് വസന്തമായി പരിലസിക്കുന്ന അവിടുത്തെ രചനകൾ മാത്രമല്ല, വൈഡൂര്യമണികൾ പോലെ ഒളി ചിതറുന്ന നിത്യജീവിതത്തിലെ, സംഭാഷണങ്ങളും അതിന് തെളിവാണ്. കടലിനെ കടുകിലൊതുക്കുന്നതിന് പ്രശസ്തി നേടിയ തിരുക്കുറൾ കർത്താവായ തിരുവള്ളുവരെയാണ് ഈ രംഗത്ത് ഗുരുദേവൻ അനുസ്മരിപ്പിക്കുന്നത്.

വാഗ്മിത്വത്തിന്റെ ഈ ഇന്ദ്രജാലം ഗുരുദേവന് അത്യന്തം അനുഗ്രഹീതനായ ഒരു സംഭാഷകന്റെ പദവിയും നൽകിയിരിക്കുന്നു.വേദാന്ത വേദിയിൽ നിൽക്കുന്ന ഒരാൾക്ക് സാധാരണയായി വരട്ടു പാണ്ഡിത്യത്തിന്റെ ശൈലിയെ ഉണ്ടാകൂ. എന്നാൽ ഹൃദയത്തിന്റേയും ബുദ്ധിയുടേയും അസുലഭ സമന്വയത്താൽ ഈരംഗത്ത് ഏകാന്ത താരയായി ശോഭിക്കുന്ന ഗുരുദേവൻ അമൃതമധുരമായ തന്റെ വാഗ്ധാരയാൽ എവിടെയും ശ്രോതാക്കൾക്ക് അനുഭൂതി നൽകിയിരുന്നു. വിഷയത്തിലേക്കു സ്ക്രൂ പോലെ തുളഞ്ഞു കയറുന്ന ധൈഷണിക വൈഭവം അവിടുത്തേക്ക് ജന്മസിദ്ധമായിരുന്നവല്ലോ.

വാഗ്മിത്വത്തിന്റെ സിദ്ധികൾ പുലർത്തിക്കൊണ്ടു തന്നെ വിശിഷ്ടനായ ഒരു സംഭാഷകനായും ഉയർന്നുനിൽക്കാൻ കഴിഞ്ഞു എന്നത് ഒരത്ഭുതമാണ്. നല്ല സംഭാഷകന്റെ സിദ്ധികളിൽ അനുപമമായ ഒന്നാണ് നിർദ്ദോഷമായ ധർമ്മബോധം. തേൻമുള്ളുകൾ പോലെ ഏൽക്കുന്ന ആളിലും മന്ദഹാസമുണർത്താൻ അതിനു കഴിയും. ചിലപ്പോൾ അതു വജ്രപാതംപോലെ എതിരാളികളെ അസ്തപ്രജ്ഞരാക്കും. ഗുരുദേവന്റെ ഫലിതങ്ങൾ പലതും ഇന്ന് പ്രസിദ്ധങ്ങളാണ്. ചിന്താധന്യങ്ങളും ധ്വന്യാത്മകങ്ങളുമാണവ. പരീക്ഷ കാണണോ എന്നുതന്നോട് തുള്ളിയുറഞ്ഞുകൊണ്ട് ചോദിച്ച വൃദ്ധനായ വെളിച്ചപ്പാടിനോട് ആ വായിൽ പല്ലൊന്നു കണ്ടാൽ കൊള്ളാം എന്നു പ്രതിവചിച്ച ഗുരുദേവന്റെ പ്രത്യുൽപ്പന്നമതിത്വം അസാമാന്യം തന്നെ. പദങ്ങളെ ഔചിത്യപൂർവ്വം വിന്യസിക്കുന്നതിൽ ആദരാർഹമായ മാതൃക അവിടുന്നു കാഴ്ചവച്ചു. ഗുരുദേവന്റ കാവ്യാംഗനയുടെ നൂപുര ധ്വനികളിലൊരിടത്തും രസഭംഗം കണ്ടെത്താൻ കഴിഞ്ഞെന്നുവരില്ല. ചൊല്ലാൻ സുഖമുണ്ടെന്നുകരുതി



ഒരിക്കലും തെറ്റായ പദങ്ങൾ ഉപയോഗിക്കരുത് എന്ന് കവികളെ ഉദ്ദേശിച്ച് ഗുരുദേവൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ചിന്തകനായ ഹെൻ റിതോറോ എഴുതിയത് ഇവിടെ ഓർത്തുപോകുന്നു. നിറതോക്കുപോലെ കരുതി വേണം എഴുത്തുകാരൻ വാക്കുകളെ കൈകാര്യം ചെയ്യാൻ.

സന്ദർഭോചിതങ്ങളായ ഉപമകളും ഉല്ലേഖങ്ങളും രസഗേളങ്ങളെന്നപോലെ ഗുരുദേവന്റെ വാഗ്പ്രപഞ്ചത്തെ ചേതോഹരമാക്കുന്നു. ബ്രിട്ടീഷു ഭരണകാലത്ത് സായ്പിനോടൊപ്പം തങ്ങൾക്ക് നിരോധിതമായിരുന്ന വൈയ്ക്കത്തമ്പലത്തിൽ നിർഭയം കടന്നുചെന്ന അയിത്ത ജാതിക്കാരനെ, ചെണ്ടയുടെ പുറത്തു സംസ്കരിച്ച രൂപത്തിൽ ശ്രീകോവിലിനടുത്തുവരെ പോകാൻ കഴിയുന്ന മൃഗത്തോലിനോട് ഗുരുദേവൻ ഉപമിക്കുകയുണ്ടായി.

വാക്യങ്ങളിൽ ഗുരുദേവൻ ഒതുക്കിയ ധ്വനി അക്കാലത്തെ പല അതികായന്മാരേയും അമ്പരപ്പിച്ചിട്ടുണ്ട്. മനുഷ്യരിലെ വൈവിധ്യത്തെ സാധുകരിക്കാൻ മുറ്റത്തുനിന്ന തേന്മാവിന്റെ പല ആകൃതിയിലുള്ള ഇലകളെ ചൂണ്ടിക്കാണിച്ച മഹാത്മാഗാന്ധിയോട് ആ ഇലകളുടെ ചാറെടുത്തുരുചിച്ചാൽ രസം ഒന്നായിരിക്കും എന്ന് അർത്ഥഗർഭമായി അരുളിചെയ്ത ഗുരുദേവൻ എതിർവാദങ്ങളെ സൗമ്യമായി എയ്തുവീഴ്ത്തുന്നതിൽ എന്നും അപ്രതിമനായിരുന്നു. താൻ വിജ്ഞാനത്തിന്റെ ചക്രവാളങ്ങളെല്ലാം പടവെട്ടിപ്പിടിച്ചവനാണെന്ന ചെറിയ മനുഷ്യന്റെ അഹംഭാവത്തിൽ നിന്നും സത്യദർശിയായ ഗുരുദേവൻ എക്കാലവും അതീതനായിരുന്നതിൽ അത്ഭുതമൊന്നുമില്ല. അതേസമയം ആധുനിക ഭൗതികവിജ്ഞാനത്തിന്റെ പല തലതൊട്ടപ്പൻമാരുടേയും അഹന്തയുടെ ഫണം ഗുരുസവിധത്തിൽ അവരറിയാതെ താണുപോവുകയും ആരാധന നാമ്പെടുക്കുകയും ചെയ്തിട്ടുണ്ട്. ഗുരുദേവനെ കാണാൻ ഉത്തരകേരളത്തിൽ നിന്നും ഒരിക്കൽ ഒരു മഹാപണ്ഡിതൻ വന്നു. ഗുരുദേവനോടൊപ്പം കസേരയിലിരുന്നുകൊണ്ട് അദ്ദേഹം സംഭാഷണം ആരംഭിച്ചു. അൽപ്പസമയം കഴിഞ്ഞ്സംഭാഷണം പുരോഗമിച്ചപ്പോൾ പണ്ഡിതൻ എഴുന്നേറ്റ് ഗുരുദേവന്റെ താഴെ തറയിലിരുന്നു. ഒടുവിൽ അദ്ദേഹം അവിടെനിന്നുപോലും എഴുന്നേറ്റ് വളരെ ഭവ്യമായി തൃപ്പാദസന്നിധിയിൽ നിന്നുകൊണ്ടാണ് സംഭാഷണം തുടർന്നത്. ഈ മൂന്നു ഘട്ടങ്ങളിലും ഗുരുദേവന് ഒരു ഭാവഭേദവും ഉണ്ടായില്ല. മാനാപമാന സമമാനസരാജഹംസ നായിരുന്നല്ലോ ഗുരുദേവൻ. ഗുരദേവൻ ഉത്തരം മുട്ടിച്ചതല്ലാതെ ഗുരുദേവനെ ഉത്തരം മുട്ടിച്ചതായി ആരേയും സുദീർഘമായ ജീവിതയാത്രയിൽ കാണുവാൻ കഴിഞ്ഞിട്ടില്ലെന്നത് അത്യന്തം ശ്രദ്ധേയമല്ലേ.

സംഭാഷണ കലയുടെ മർമ്മം മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കാനും വക്താവ് എന്നതിലുപരി ശ്രോതാവായിരിക്കാനുള്ള കഴിവിലാണ് കുടികൊള്ളുന്നത് എന്ന് പെരുമാറ്റ കലയിൽ പ്രസിദ്ധനായ ഡെയിൽ കാർണിഗി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അസാമാന്യമായ സംയമനം നേടി അഹത്തെ മെരുക്കിയവർക്കേ ഇതിനു കഴിയൂ. സംഭാഷണത്തിൽ അഹം അണുപോലും ധ്വനിപ്പിക്കാത്ത മഹാത്മവായിരുന്നു ഗുരുദേവൻ. നാം എന്നു പൗരാണികചക്രവർത്തിമാരുടെ എകാധിപത്യ ഭാവത്തിലല്ല, വിശ്വവിശാലമായ അർത്ഥവ്യാപ്തിയോടെയാണ് ഗുരുപ്രയോഗിച്ചിരുന്നത്. ജീവിതത്തിന്റെ വിവിധമേഖലകളിൽ നിന്നു വരുന്നവരോട് അവരവർക്കു പരിചിതമായ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിൽ അവിടുന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഈ സവിശേഷതയാണ് അന്യതാബോധമില്ലാതെ ഗുരുദേവനെ സമീപിക്കുന്നതിനുള്ള ആത്മവിശ്വാസം കുട്ടികൾക്കുപോലും നേടിക്കൊടുത്തത്. സംഭാഷകനായ ഗുരുദേവന്റെ എടുത്തുപറയത്തക്ക മറ്റൊരു സവിശേഷത നിശിതമായ യുക്തിബോധമാണ്. മൃഗങ്ങളുടെ പാല് കുടിക്കാറുണ്ടല്ലോ സ്വാമി. അപ്പോൾ അവയുടെ മാംസവും തിന്നുകൂടെ. എന്ന് ആരാഞ്ഞ ഒരാളോട് അയാളുടെ അമ്മ കഥാവശേഷയായപ്പോൾ കുഴിച്ചിട്ടോ അതോ തിന്നോ എന്നു ചോദിച്ച ഗുരുദേവനിൽ സാഡിസമല്ല നിസ്തുലമായ യുക്തിബോധമാണ് നിറഞ്ഞുനിൽക്കുന്നത്.

വേദാന്ത ശാസ്ത്രത്തിന്റെ നിഗൂഢ മേഖലകളിലെല്ലാം ആത്മാനുഭൂതിയുടെ വെന്നിക്കൊടി നാട്ടിയ ഗുരുദേവൻ, വിഷയങ്ങളെ തലനാരിഴ കീറി അപഗ്രഥിക്കുന്ന ആ അഭൗമ പ്രതിഭാശാലി, സാധാരണക്കാരെ സംഭ്രമിപ്പിക്കുന്ന സംഭാഷണ ശൈലി ഒരിക്കലും സ്വീകരിച്ചിരുന്നില്ല. തന്നോടൊപ്പം വളരാത്ത

*(ശേഷം പേജ് 60-ൽ)*

# ഗുരുദേവഗിരിയിൽ ബലിതർപ്പണത്തിന് തിരക്കേറുന്നു

**വി.എൻ. സോമൻ**

ഗൃഹാതുരതയുടെ ഭാഗമായ പിതൃതർപ്പണം ഏതൊരു മലയാളിയുടെയും ഒഴിച്ചുകൂടാനാവാത്ത ആചാരാനുഷ്ടാനമാണ്. മൺമറഞ്ഞ പിതാമഹന്മാരുടെ ആത്മാവിനായി ബലിപിണ്ഡവും പൂവും കറുകയും നാക്കിലയിൽ അർപ്പിച്ച് അതുമായി ഹരേ നാരായണ മന്ത്രമുരുവിട്ടുകൊണ്ട് ജലാശയത്തിൽ മുങ്ങി തർപ്പണം ചെയ്യുകയെന്ന മലയാളിയുടെ ആചാരനുഷ്ഠാനം പ്രവാസികളായ നമുക്ക് അടുത്ത കാലം വരെ അസാധ്യമായിരുന്നു. കർക്കിടകമാസത്തിലെ അമാവാസിക്ക് നാട്ടിൽ പോയി ഈ കർമ്മം ചെയ്യുവാൻ ഭൂരിപക്ഷം പേർക്കും കഴിയുകയില്ല. ആഗ്രഹമുണ്ടെങ്കിൽ കൂടി. ജീവിച്ചിരിക്കുന്നവരുടെ മനഃസംതൃപ്തിക്കും കുടുംബത്തിന്റെ സമാധാന പൂർണമായ ജീവിത വിജയത്തിനും പിതൃക്കളുടെ അനുഗ്രഹം ആവശ്യമാണെന്ന് നാം വിശ്വസിച്ചുപോരുന്നു. ആ വിശ്വാസത്തിന്റെ പൂർത്തീകരണത്തിനായാണ് നമ്മൾ ബലിയിടുന്നത്.

യഥാസമയത്ത് ജോലിത്തിരക്കും മറ്റും മൂലം പ്രവാസികളായ നമുക്ക് നാട്ടിൽ പോകാനോ ബലിയിട്ട് ആത്മസായൂജ്യം നേടാനോ പലപ്പോഴും കഴിയുമായിരുന്നില്ല. ഈ പോരായ്മകൾ മനസ്സിലാക്കിയാണ് ശ്രീനാരായണ മന്ദിരസമിതി മുൻകൈയെടുത്ത് ഗുരുദേവഗിരിയിലെ മഹാദേവക്ഷേത്രാങ്കണത്തിൽ ബലിതർപ്പണത്തിനുള്ള സൗകര്യങ്ങൾ 2002ൽ ആരംഭിച്ചത്. തുടക്കത്തിൽ തന്നെ ധാരാളം പേർ ഈ സൗകര്യം പ്രയോജനപ്പെടുത്തി. ജനങ്ങളുടെ പ്രതികരണം മനസ്സിലാക്കിയും പല തലങ്ങളിൽനിന്നുള്ള അഭ്യർത്ഥനകളും മറ്റും കണക്കിലെടുത്ത് സമിതി ബലിതർപ്പണ ചടങ്ങ് കൂടുതൽ സൗകര്യങ്ങളോടെ തുടർന്നുള്ള വർഷങ്ങളിൽ തുടരുകയായിരുന്നു. കഴിഞ്ഞ വർഷവും അതിനുമുമ്പത്തെ വർഷവുമായിരുന്നു. ഏറ്റവും കൂടുതൽ പേർ ബലിയിടാനത്തിയത്. കഴിഞ്ഞ വർഷമാണെങ്കിൽ പ്രവൃത്തി ദിവസമായിരുന്നിട്ടുകൂടി മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ആളുകൾ ബലിതർപ്പണത്തിന് എത്തിയിരുന്നു. കല്യാൺ, വിരാർ, പെൻ, റോഹ തുടങ്ങി ദൂരെ ദിക്കുകളിൽനിന്നുപോലും ആളുകൾ തലേ ദിവസം ഇവിടെ എത്തി താമസിച്ച് പുലർച്ചെ കുളിച്ച് ബലിയിട്ടു മടങ്ങുന്നു. കേരളീയ ക്ഷേത്ര പൂജകളിൽ പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള പരിചയസമ്പന്നരായ ശാന്തിമാർ കേരളീയ രീതിയനുസരിച്ച് നടത്തുന്ന ബലിതർപ്പണ ചടങ്ങിൽ പങ്കെടുക്കുന്നത് മനസ്സിന് ഏറെ സംതൃപ്തി നൽകുന്നതുകൊണ്ടാണ് ഓരോ വർഷവും കൂടുതൽ കൂടുതൽ ആളുകൾ ബലിയിടാനായി ഇവിടേയ്ക്ക് എത്തുന്നതെന്നാണ് തർപ്പണത്തിനെത്തുന്നവരുടെ അഭിപ്രായം.



*കഴിഞ്ഞ കർക്കിടക അമാവാസിക്ക് ഗുരുദേവഗിരിയിൽ പിതൃതർപ്പണത്തിൽ പങ്കെടുത്തവർ*



*ബലിയിട്ട ശേഷം അടുത്തുള്ള ജലാശയത്തിൽ മുങ്ങി തർപ്പണം ചെയ്യുന്നു.*

**രാമായണമാസാചരണം, മഹാമൃത്യുഞ്ജയ ഹോമം, സർവൈശ്വര്യ പൂജ**

മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും കർക്കിടകത്തിലെ രാമായണ മാസം ഗുരുദേവഗിരിയിൽ ആചരിച്ചു. ജൂലായ് 16 മുതൽ ആഗസ്ത് 16 വരെ 31 ദിവസങ്ങളിലായി നീണ്ടു നിന്ന രാമായണ മാസാചരണ പ്രത്യേക പൂജകൾക്ക് വൻ ഭക്തജനത്തിരക്ക് അനുഭവപ്പെട്ടു. എല്ലാ ദിവസവും പുലർച്ച മഹാഗണപതി ഹോമവും വൈകിട്ട് ഭഗവതിസേവയും ഉണ്ടായിരുന്നു. ഇതിന്റെ ഭാഗമായി ആഗസ്ത് 3ന് നടന്ന് മഹാമൃത്യുഞ്ജയ ഹോമത്തിലും രാമായണ മാസാചരണത്തിനും സമാപനം കുറിച്ചുകൊണ്ടും പുതുവർഷത്തെ വരവേൽക്കാനുമായി നടത്തിയ സർവൈശ്വര്യ പൂജയിലും ധാരാളം ഭക്തർ പങ്കെടുത്തു.

**ആയില്യപൂജ, പ്രദോഷകാല പൂജ**

എല്ലാ മാസത്തെയും ആയില്യം നാളിൽ ഗുരുദേവഗിരിയിലെ മഹാദേവക്ഷേത്രത്തിൽ നടത്തിവരുന്ന ആയില്യ പൂജയ്ക്ക് വൻ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് ക്ഷേത്രം ശാന്തിമാരായ സി. വി. ഷിലൻ, വി. രതീഷ്, പി. എം. സുമേഷ് എന്നിവർ പറഞ്ഞു. ഒരാൾക്കുവേണ്ടി നാലുവർഷംമുമ്പ് ആരംഭിച്ച ആയില്യ പൂജയ്ക്ക് ഇപ്പോൾ നൂറോളം പേർ പങ്കെടുക്കുന്നതായി ശാന്തിമാർ പറഞ്ഞു. അതേപോലെ മാസത്തിൽ രണ്ടുപ്രാവശ്യം വരുന്ന പ്രദോഷനാളുകകിൽ ഇവിടെ പ്രദോഷകാല പ്രത്യേക പൂജ നടത്തിവരുന്നു ഇതിനും നല്ല പ്രതികരണമാണ് ഭക്തരിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നെയ്യ്, പാൽ, തേൻ, പഞ്ചാമൃതം എന്നിവയുൾപ്പെടെ 11 ദ്രവ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഏകാദശാഭിഷേകമാണ് പ്രദോഷപൂജയിലെ പ്രധാന വഴിപാട്. ഈ പൂജയ്ക്കായി മലയാളികളേക്കാളേറെ മഹാരാഷ്ട്രീയരടക്കമുള്ള മറ്റു സംസ്ഥാനക്കാർ പങ്കെടുത്തുവരുന്നു.

നാട്ടില പ്രശസ്തമായ പല ക്ഷേത്രങ്ങളിൽ നിന്നുപോലും ലഭിക്കാത്ത മനഃശാന്തിയും ഫലവും ഇവിടെ പൂജ ചെയ്തു കഴിയുമ്പോൾ ലഭിക്കുന്നതായി ഇവിടെ എത്തുന്ന ഭക്തർ തുറന്നു പറയുന്നു.

*(പേജ് 58-ൽ നിന്നു തുടർച്ച....)*

## ശ്രീനാരാണ ഗുരുവും വാഗ്മിത്വവും

സാധുക്കൾക്കു വേണ്ടി സാരള്യത്തിന്റെ ശാലീനത എന്നും അവിടുന്ന് ഹൃദയത്തിൽ വഹിച്ചു വന്നു. ഗുരു എന്നാൽ സ്വന്തം സമനിലവിട്ടും അന്യരെ തിരുത്താൻ കടപ്പെട്ടവനാണെന്ന ബുദ്ധിപരമായ പൊങ്ങച്ചം ഒരിക്കലും ഗുരുദേവനെ തീണ്ടിയിരുന്നില്ല. കാരണം അദ്ദേഹം യഥാർത്ഥ ഗുരുവായിരുന്നു.

ചുരുക്കത്തിൽ പ്രസന്നപവനധാര പോലെ സാന്ത്വനവും സംഗീതം പോലെ ആനന്ദവും നൽകുന്ന സംഭാഷണ ശൈലിയും വിഷയങ്ങളെ കാച്ചിക്കുറുക്കിയതരത്തിൽ അവതരിപ്പിക്കാനുള്ള സിദ്ധിയും ഒരുപോലെ പ്രകടിപ്പിച്ചുപോന്ന ഗുരുദേവൻ ഒരു മഹാവാഗ്മിയുടെ സമസ്തപദവികളും അർഹിക്കുന്നു.

അതികായനായ ഡോ.ജോൺസന്റെ വാഗ്സുധ നുകരാൻ അദ്ദേഹം ചെല്ലുന്നിടത്തെല്ലാം ആരാധകർ തിങ്ങിക്കൂടുമായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യാത്മരംഗത്തെ അതുല്യജ്യോതിസ്സായ ശ്രീനാരായണ ഗുരുദേവനാകട്ടെ, ഈ രംഗത്തും ആരെയും അതിശയിക്കുന്ന അയസ്കാന്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.



ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

# നെരുൾ യൂണിറ്റിന്റ ജയന്തി ആഘോഷം

ശ്രീനാരായണ ഗുരുദേവന്റെ 154-ാമതു ജയന്തി നെരുൾ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 13, 14 തീയ്യതികളിലായി ഗുരുദേവഗിരിയിൽ നടന്നു.



*കലാപരിപാടികൾ അവതരിപ്പിച്ച കുട്ടികൾ സോണൽ സെക്രട്ടറി ശശി ദാമോദരൻ, യൂണിറ്റ് സെക്രട്ടറി പി.ആർ. ബാബുരാജ്, കൗൺസിൽ മെമ്പർമാർ എന്നിവരോടൊപ്പം*

13ന് ഉച്ചകഴിഞ്ഞ് നടന്ന പൂക്കള മത്സരത്തിൽ ഒൻപതു ടീം പങ്കെടുത്തു. ഇതിൽ മിനി മഹേന്ദ്രൻ, ശ്രീജ ബാബുരാജ് എന്നിവരടങ്ങിയ ടീം നിർമ്മിച്ച പൂക്കളമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. കവിത, സജീവ്, മഞ്ജു പ്രേമൻ എന്നിവർ നിർമ്മിച്ച പൂക്കളം രണ്ടാം സ്ഥാനവും, ശുഭ മോഹൻ, അംബിക മുരളീധരൻ എന്നിവർ നിർമ്മിച്ച പൂക്കളം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ശ്രീനാരായണ മന്ദിരസമിതി സി.ബി.ഡി. യൂണിറ്റ് സെക്രട്ടറി ഡി. അശോകൻ, പ്രശസ്ത ശിൽപി സുനിൽകുമാർ, സാമൂഹ്യ പ്രവർത്തക രുഗ്മിണി സാഗർ എന്നിവരായിരുന്നു പൂക്കളമത്സരത്തിന്റെ വിധികർത്താക്കളായി എത്തിയത്.



*പൂക്കള മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ടീം*

വൈകിട്ട് അഞ്ചു മുതൽ കുട്ടികളുടെ കലാപരിപാടികൾ, അന്നദാനം എന്നിവ ഉണ്ടായിരുന്നു. നവിമുംബയ് മുനിസിപ്പൽ ട്രാൻസ്പോർട്ട് കമ്മറ്റി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീനാരായണമന്ദിര സമിതി സോൺ അഞ്ചിന്റെ സെക്രട്ടറി ശ്രീ. ശശിദാമോദരനെ ചടങ്ങിൽ അനുമോദിച്ചു.

കഴിഞ്ഞ അധ്യായന വർഷത്തിൽ എസ്.എസ്.സി., എച്ച്.എസ്.സി., പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങി വിജയിച്ച കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. എസ്.എസ്.സിയിൽ ഉണ്ണികൃഷ്ണൻ മാധവൻ (84.61%) ഒന്നാം സ്ഥാനവും അഞ്ജന വിശ്വനാഥൻ (86%) രണ്ടാം സ്ഥാനവും, അരുൺ മണി (84.61%) മൂന്നാം

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

സ്ഥാനവും കരസ്ഥമാക്കി. വൈശാഖ് ബാബുരാജ്, രാജേഷ് ശശിധരൻ, ശ്രുതി ദിനേശ് എന്നിവർ പ്രോത്സാഹനം സമ്മാനം നേടി.

എച്ച്.എസ്.സിയിൽ ലജന കണ്ണൻ (79.17%), ശ്രുതി രമേശ് (77%), സജിത സദാനന്ദൻ (63.17%) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

14ന് രാവിലെ മഹാഗുരു പൂജയ്ക്കു ശേഷം യൂണിറ്റിലെ പ്രവർത്തകർ പ്രത്യേക വാഹനത്തിൽ ചമ്പൂരിൽ ജയ ന്തി ആഘോഷത്തിൽ പങ്കെടുക്കുന്നതിനായി പോയി.

വൈകിട്ട് 7 മുതൽ നടന്ന ഗുരുസഹസ്രനാമാർച്ചനയിലും തുടർന്നു നടന്ന ചതയ സദ്യയിലും നൂറുകണക്കിനാളുകൾ കുടുംബസമേതം പങ്കെടുത്തു. പൂജാചടങ്ങുകൾക്ക് ക്ഷേത്രം ശാന്തിമാർ കാർമ്മികത്വം വഹിച്ചു.

ആഘോഷപരിപാടികൾക്ക് യൂണിറ്റ് സെക്രട്ടറി പി.ആർ. ബാബുരാജിന്റെ നേതൃത്വത്തിൽ കൗൺസിൽ അംഗങ്ങളായ കെ. ഭരതൻ, പി.കെ. ബാലൻ, കെ. മുരളീധരൻ, പി. വിജയൻ, വിജയൻ ബാലൻ, കെ.കെ. സജീവ്, കെ.എം. മഹേന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

### എട്ടാമത് ഗുരുദേവഗിരി തീർത്ഥാടനത്തിന് കേളികൊട്ടുയരുന്നു

പ്രശസ്തമായ ഗുരുദേവഗിരി തീർത്ഥാടനം എട്ടാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ഫെബ്രുവരി രണ്ടാം വാരത്തിൽ നടക്കുന്ന തീർത്ഥാടന-പ്രതിഷ്ഠാ വാർഷിക മഹോത്സവത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഗുരുദേവഗിരിയുടെ പ്രശസ്തി ഏറെ വർദ്ധിച്ചിരിക്കുന്നതുകൊണ്ട് എട്ടാമതു ഗുരുദേവഗിരി തീർത്ഥാടനത്തിന് വൻപിച്ച തോതിലുള്ള തീർത്ഥാടക പ്രവാഹമാണ് പ്രതീക്ഷിക്കുന്നത്. ഫെബ്രുവരി 8, 9, 10,11 തീയ്യതികളിലായാണ് വാർഷിക മഹോത്സവം നടക്കുന്നത്. എട്ടിന് എട്ടാമതു ഗുരുദേവഗിരി തീർത്ഥാടനവും പതിനൊന്നിന് പ്രതിഷ്ഠാ വാർഷികവും എട്ടാം തീയ്യതി (തീർത്ഥാടന ദിവസം)യാണ് ഗുരുദേവന്റെ തിരുശേഷിപ്പായ ദിവ്യദന്തം പൊതുദർശനത്തിന് വയ്ക്കുന്നത്.

### വിരാർ ഗുരുസെന്റർ

### മാതൃകാ വിവാഹിതാരായി



*ശിവഗിരി ഋഷിചൈതന്യയുടെ കാർമ്മികത്വത്തിൽ വിവാഹം നടക്കുന്നു*

ശ്രീനാരായണ മന്ദിരസമിതി നല്ലസൊപ്പാര, വിരാർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഗുരുദേവകൽപ്പിതമായ രീതിയിൽ വിവാഹിതരായ ഗുജറാത്തി ജൈനയുവാവ് ശ്രീ. വിജയ് തലാക്ഷി ഫുരിയയും, മഹാരാഷ്ട്ര ആദിവാസി യുവതി കുമാരി സീതാ ചന്ദു പരാഡെയും. വിരാർ ഗുരുമന്ദിരാങ്കണത്തിൽ വെച്ച് 05.06.08ൽ ഈ മംഗളകർമ്മത്തിൽ സമീപസ്ഥരായ മഹാരാഷ്ട്രീയരും മന്ദിരസമിതി അംഗങ്ങളുമടക്കം നിരവധി പേർ പങ്കെടുത്തു നവദമ്പതികളെ ആശീർവദിച്ചനുഗ്രഹിച്ചു.

### താരാപ്പൂർ യൂണിറ്റ്

താരാപ്പൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിലുള്ള കുടുംബ പ്രാർത്ഥനായോഗം ആത്മശക്തി നഗറിലുള്ള യൂണിറ്റ് ഓഫീസിൽ വെച്ച് 24.06.08ന് യൂണിറ്റ് സെക്രട്ടറി എൻ. പി. മോഹനന്റെ നേതൃത്വത്തിൽ നടന്നു.

### സാക്കിനാക്ക യൂണിറ്റ്

സാക്കിനാക്ക യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുടുംബ പ്രാർത്ഥന 27.07.08ന് പി. വിജയന്റെ വസതിയിൽ നടന്നു.

### സി.ബി.ഡി.-ബേലാപ്പൂർ-ഖാർഗർ യൂണിറ്റ്

ഈ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 17.08.08ന് കുടുംബ പ്രാർത്ഥനയോഗം സി.ബി.ഡി. സെക്ടർ 19ല ഓം അപ്പാർട്ട്മെന്റിൽ നടന്നു. സ്വാമി ഋഷി ചൈതന്യ പരി

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

പാടികൾക്ക് നേതൃത്വം നൽകി. സമിതിയുടെ ജനറൽ സെക്രട്ടറി എൻ.എസ്. സലിംകുമാർ, സോണൽ സെക്രട്ടറി ശശി ദാമോദരൻ, സാംസ്കാരിക വിഭാഗം ചെയർമാൻ, പി.പി. സദാശിവൻ, ബിജലി ഭരതൻ, ഇ. പ്രസാദ് എന്നിവർ യോഗത്തിൽ സംസാരിച്ചു. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വനിതാവിഭാഗം സംസ്കാരികവിഭാഗം, ബാലവേദി എന്നീ ഉപസമിതികൾ രൂപീകരിച്ചു.

### സയൺ-കോളിവാഡ് യൂണിറ്റ്

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുടുംബ പ്രാർത്ഥനാ യോഗം 06.07.08ന് അനിൽകുമാറിന്റെ വസതിയിൽ സ്വാമി ഋഷിചൈതന്യയുടെ നേതൃത്വത്തിൽ നടന്നു. ഗുരുപൂജ, ഗുരു പുഷ്പാഞ്ജലി, ഗുരുദേവകൃതികളുടെ പാരായണം, പ്രസാദവിതരണം എന്നീ പരിപാടികൾ ഉണ്ടായിരുന്നു. സ്വാമി ഋഷിചൈതന്യ ഗുരുദേവകൃതികളെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

10.08.08ന് ടി.വി. രാമദാസിന്റെ വസതിയിൽ കുടുംബ പ്രാർത്ഥനായോഗം നടന്നു. ഗുരുപൂജ, ഗുരു പുഷ്പാഞ്ജലി, പ്രസാദവിതരണം, ഗുരുദേവകൃതികളുടെ പാരായണം എന്നീ പരിപാടികൾ നട്നു. സ്വാമി ഋഷിചൈതന്യ പ്രഭാഷണം നടത്തി.

### ഡോംബിവ്‌ലി യൂണിറ്റ്

ഡോംബിവ്‌ലി തൂക്കുർളി-ദിവാ യൂണിറ്റിന്റെ മഹിളാ വിഭാഗം യോഗം 15.06.08 ന് ഡോംബിവ്‌ലി ഗുരുസെന്ററിൽ ചേർന്നു. ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, സമൂഹ പ്രാർത്ഥന, പ്രസാദവിതരണം എന്നീ പരിപാടികൾ ടന്നു. 12.07.08ന് മഹിളാവിഭാഗംയോഗത്തിൽ ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, സമൂഹ പ്രാർത്ഥന, പ്രസാദ വിതരണം എന്നീ പരിപാടികൾ ഉണ്ടായിരുന്നു

### കല്യാൺ ഗുരുസെന്റർ

14.05.08ന് ഗുരുസെന്ററിൽ ടി.ബി. ശശിധരന്റെയും കുടുംബത്തിന്റെയും സന്തോഷപ്രകടനമായി വിശേഷാൽ പൂജയും, ഗുരുപുഷ്പാഞ്ജലിയും പ്രസാദവിതരണവും നടന്നു. ശ്രീനാരായണ പ്രസ്ഥാനങ്ങളുടേയും ശ്രീനാരായണ മന്ദിര സമിതിയുടേയും കാലികപ്രസക്തിയേപ്പറ്റി എം.ജി. രാഘവൻ പ്രഭാഷണം നടത്തി. എം.കെ. പ്രിയൻ അദ്ധ്യക്ഷത വഹിച്ചു. സി.ജി. ഗോപാലൻ നന്ദി പ്രകടനം നടത്തി.

15.08.08ന് ഗുരു സെന്ററിൽ എം.ജി. ഗോപാലന്റെയും കുടുംബത്തിന്റെയും സന്തോഷ പ്രകടനമായി വിശേഷാൽ പൂജയും ഗുരുപുഷ്പാഞ്ജലിയും, പ്രസാദവിതരണവും നടന്നു. ശ്രീനാരായണഗുരു ദേവന്റെയും കുമാരനാശാന്റെയും സ്വാതന്ത്ര്യദർശനം എന്ന വിഷയ ആസ്പദമാക്കി എം.ജി. രാഘവൻ പ്രഭാഷണം നടത്തി. യോഗത്തിൽ എം.കെ. പ്രിയൻ അദ്ധ്യക്ഷത വഹിച്ചു. നീത ശശിധരൻ നന്ദിപ്രകടനം നടത്തി.

### ഭാണ്ടൂപ്പ് ഗുരുസെന്റർ ജയന്തി ആഘോഷം

ഭാണ്ടൂപ് ഗുരുസെന്ററിൽ വെച്ച് 13.09.08 ശനിയാഴ്ച പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. രാവിലെ 6.30ന് വിശേഷാൽ പൂജ, 11 മണി മുതൽ മഹിളാവിഭാഗത്തിന്റെ ഭജനയും കീർത്തനവും ഉച്ചതിരിഞ്ഞ് 2.30 മുതൽ സർവ്വൈശ്വര്യപൂജ, തദനന്തരം മഹാഗുരു പൂജ, ശ്രീ. വി.എൻ. പവിത്രന്റെ പ്രഭാഷണം, പ്രസാദവിതരണം, ലഘുഭക്ഷണം എന്നിവയെ തുടർന്ന് 9 മണിയോടെ സമാപിച്ചു.



154-ാമത് ഗുരുദേവജയന്തി സർവ്വൈശ്വര്യപൂജയുടെ ദൃശ്യം

### സമാധി ദിനാചരണം

ഗുരുദേവ തൃപ്പാദങ്ങളുടെ 81-ാമത്തെ സമാധി സമുചിതമായി ആചരിച്ചു. രാവിലെ 6.30ന് പ്രത്യേക പൂജ, 11 മണി മുതൽ 3 മണിവരെ അഖണ്ഡനാമജപവും പുഷ്പാർച്ചനയും 3 മണിക്ക് സമാധി പൂജ, 3.30ന സമാധി ഗാനവും തുടർന്ന് സമർപ്പണവും കഞ്ഞിവീഴ്ത്തലും നടന്നു. ശ്രീ. വി.എൻ. പവിത്രന്റെ ഭക്തി നിർഭരമായ പ്രബോധനത്തോടെ സമാധിദിന പരിപാടികൾ പര്യവസാനിച്ചു.



## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

### ശ്രീനാരായണ മന്ദിര സമിതി ആസ്ഥാനത്തും യൂണിറ്റുകളിലും ഗുരുസെന്ററുകളിലും ചതയദിനാഘോഷങ്ങൾ

24.06.08, 22.07.08, 18.08.08 എന്നീ തീയതികളിൽ സമിതിയുടെ ആസ്ഥാനമായ ചെമ്പൂർ കോപ്ലക്സ്, ഗുരുദേവ ഗിരി, ദാദർ ആഫീസ്, വാഷി ഗുരുസെന്റർ, ഐരോളി, ഗുരുസെന്റർ, പനവേൽ യൂണിറ്റ്, കല്യാൺ ഗുരു സെന്റർ, ഡോംബിവ്‌ലി, ഭൂണ്ടൂപ്പ്, പവായ്, ഗോരേഗാവ് ഗുരുസെന്റർ, മലാഡ് ഗുരുസെന്റർ, മീരാറോഡ്, വസായ്, വിരാർ ഗുരുസെന്റർ, അംബർനാഥ്, ഉല്ലാസ്നഗർ ഗുരുസെന്റർ, സാക്കിനാക്ക ഗുരുസെന്റർ എന്നിവിടങ്ങളിൽ ചതയദിനാഘോഷങ്ങൾ സമുചിതമായി നടന്നു. ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, ഭജന, ഗുരുഭാഗവത പാരായണം, പ്രസാദവിതരണം, പ്രഭാഷണം എന്നീ പരിപാടികൾ ഉണ്ടായിരുന്നു. ചെമ്പൂർ കോപ്ലക്സിലും കല്യാൺ ഗുരു സെന്ററിലും നടന്ന സർവ്വൈശ്വര്യപൂജ എല്ലാ ഗുരുഭക്തന്മാരേയും ആകർഷിക്കുന്നു. ശ്രീനാരായണകൃതികളെ ആസ്പദമാക്കിയുള്ള പ്രഭാഷണ പരമ്പരയും മുകളിൽ പറഞ്ഞ ഗുരുസെന്ററുകളിൽ നടന്നു.

### ഗുരുരത്നം ത്രൈമാസികയിൽ വരിക്കാരാകാം

**ഗുരുരത്നം ത്രൈമാസിക തപാലിൽ ലഭിക്കുന്നതിന് മൂന്നുവർഷത്തേക്ക് 100 രൂപ, ആജീവനാന്തം 500 രൂപ മണി ഓർഡറായോ, മുംബൈയിൽ മാറ്റാവുന്ന ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ**

Sree Narayana Mandira Samiti, Sree Narayana Nagar, P.L.Lokhade Marg, Chembur, Mumbai – 400 089

***എന്ന വിലാസത്തിൽ താഴെ കൊടുത്ത ഫോറം പൂരിപ്പിച്ച് അതോടുകൂടി അയക്കുവാൻ താൽപര്യപ്പെടുന്നു.***

# ഗുരുരത്നം
**GURURATNAM** **QUARTERLY**

*Published by :*
SREE NARAYANA MANDIRA SAMITI
Sree Narayana Nagar, P.L.Lokhade Marg, Chembur,
Mumbai – 400 089
Tel: 2529 5337/25286104/25276083 Fax: 25295347
E.mail: samiti2@mtnl.net.in Website: www.snms.in

**Sr.** ____________

Name : ______________________________

Address : ______________________________

Tel. No. (With STD Codes) : ______________ Mobile No. : ______________

E-mail ID : ______________________________

**Subscription for**

(a) Three Years Rs. 100/- ☐ (b) Life Time Rs. 500/- ☐

Paid by Cheque / Draft No. ______________ dated ____________ drawn on ______________________________ / money orders.

Date : ____________ ***Signature***

**Office Use**

Received Rs. __________ vide Receipt No. ____________ dt. __________
by Cash/Cheque

***Signature***